LIBRARY ARCHIVES Kerala Legislative Assembly

പോലീസിന്റെ മോഡണൈസേഷൻ പദ്ധതി

2 (1741) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസിന്റെ മോഡണൈസേഷൻ പദ്ധതിപ്രകാരം ട്രാഫിക് പോലീസിനുവേണ്ടി എത്ര റഡാറുകളും, ബ്രീത്ത് അനലൈസറുകളും പുതുതായി വാങ്ങിയിട്ടുണ്ട് ; അതിനായി എന്ത് തുക ചെലവായി ;

(ബി) ഇവയുടെ വിതരണം സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ ;

(സി) ഇവ ലഭിച്ചശേഷം ഓവർ സ്പീഡ്, മദ്യപിച്ചുള്ള വാഹന ഡ്രൈവിംഗ് ഇവ സംബന്ധിച്ച് ഓരോ ജില്ലയിലും ഇതേവരെ രജിസ്റ്റർ ചെയ്ത കേസ്സുകൾ സംബന്ധിച്ച വിശദവിവരം നൽകുമോ ;

(ഡി) ഈ കാലയളവിൽ ഹെൽമെറ്റ് ധരിക്കാതെ വണ്ടി ഓടിച്ചതിന് എത്രപേരെ പിടികൂടിയിട്ടുണ്ട് ; എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മോഡണൈസേഷൻ പദ്ധതി പ്രകാരം 2009-09 സാമ്പത്തിക വർഷത്തിൽ 10 ലേസർ സ്പീഡ് റഡാറുകൾ വാങ്ങി നൽകിയിട്ടുണ്ട്. ഇതിനായി 98,66,250-രൂപ ചെലവായിട്ടുണ്ട്. 2009-10 സാമ്പത്തിക വർഷത്തിൽ 50 ആൽക്കോമീറ്ററുകൾ വാങ്ങി. ഇതിനായി 35,10,000 രൂപ ചെലവായിട്ടുണ്ട്.

(ബി) വിതരണം സംബന്ധിച്ച വിവരം ഇതോടൊപ്പം അനുബന്ധം I ആയി* ചേർത്തിരിക്കുന്നു.

(സി) ഇതു സംബന്ധിച്ച വിവരം ഇതോടൊപ്പം അനുബന്ധം II ആയി* ചേർത്തിരിക്കുന്നു.

(ഡി) ഈ കാലയളവിൽ സംസ്ഥാനത്ത് മൊത്തം 2327812 ഹെൽമെറ്റ് ഉപയോഗിക്കാത്ത കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും അത്രയും പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്.

പോലീസ് മോഡണൈസേഷൻ നടപ്പിലാക്കുന്നതിന് കേന്ദ്ര ഫണ്ട്

3 (1742) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് പോലീസ് മോഡണൈസേഷൻ നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേന്ദ്രത്തിൽ നിന്നും ഇക്കൊല്ലം എത്ര തുക ലഭിച്ചു ; ഇത് എന്തിനെല്ലാം വിനിയോഗിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.